# കടൽക്കരയിൽ



നനവാർന്നതാം കടൽ–
ക്കര; യാഞ്ഞടിക്കുന്ന
തിരമാലകൾ ; വീണ്ടും
നീളുന്ന നിഴലുകൾ.

വിജനവിമൂകമാം
തീരഭൂവിതിൽ, രണ്ടു
പദമുദ്രകൾ പോലെ
നീയുമീ ഞാനും മാത്രം.

മുഗ്ധ സന്ധ്യകളുടെ
ലജ്ജയും സൗന്ദര്യവും
നികവിളികൽ മഴ–
വില്ലുകൾ വരയ്ക്കുന്നു.

ശുഭ്രമീ മണൽത്തട്ടിൽ,
നിൻ കവിളിണകളിൽ,
വിഭ്രമം നിഴലിക്കു–
മീ നീല മിഴികളിൽ

നോക്കി ഞാനിരിക്കുന്നു;
നിൻെറയീ പ്പരിഭവ–
പൂർണ്ണമാം മുഖമല്ലോ
കാണുവാനെനിക്കിഷ്ടം.

കാറ്റിരമ്പുന്നു; തണു–
പ്പേറിയ ധനുമാസ–
രാവിതാ മൂടിപ്പുത–
ച്ചെത്തുവാനൊരുങ്ങുന്നു.

നീണ്ട തൻ വിരൽത്തുമ്പാ–
ലിനിയും മറയാത്ത
കാലടിപ്പാടൊക്കെയും
കടൽ മായ്ക്കുന്നു വീണ്ടും.

ജലബിന്ദുക്കൾ മിന്നി
നില്ക്കുമീ യളകങ്ങൾ
കരതാരിനാൽ മാടി–
യൊതുക്കാനൊരുങ്ങാതെ

ഈറനായെന്നാലുമീ
നനവാർന്നതാം കടൽ–
ത്തീരത്തിലിരിക്കുന്നു
നീയുമീ ഞാനും മാത്രം. ■ 1965